# മൂൺമയം

# ഉള്ളടക്കം


ആശംസകൾ
സ്കൂൾ ചരിത്രം
കവിതകൾ
- വേനൽ
- പുഴജ
- പുഴ നശിക്കുന്നു
- ജലം

പുസ്തകപരിചയം
വീടുകൾ പിച്ചവെക്കുന്ന കാലം

കവിതകൾ
- അമ്മ
- എന്റെ അദ്ധ്യാപകൻ
- പ്രളയം
- നക്ഷത്രം
- കാറ്റ്
- ഒരു ദിനം

കഥകൾ
ബലൂൺ വിൽക്കുന്ന കുട്ടി
ആകാശത്തിനുകീഴെയും ഒറ്റ നക്ഷത്രങ്ങൾ

ജീവചരിത്രം
- സ്റ്റീഫൻ ഹോക്കിങ്

വരകൾ

**ജി. എച്ച്. എസ്. എസ്**
**മേഴത്തൂരിലെ ലിറ്റിൽ കൈറ്റ്**
**വിദ്യാർത്ഥികൾ തയ്യാറാക്കിയ**
**ഡിജിറ്റൽ മാഗസിൻ**
**മുൺർമയത്തിന് എല്ലാവിധ**
**ആശംസകളും നേരുന്നു.**

സഫിയ ടി. വി
എച്ച്. എം



**ജി. എച്ച്. എസ്.**

**എസ് മേഴത്തൂരിലെ**

**ലിറ്റിൽ കൈറ്റ്**

**വിദ്യാർത്ഥികൾ**

**തയ്യാറാക്കിയ ഡിജിറ്റൽ**

**മാഗസിൻ**

**ഉൺമയത്തിന് എല്ലാവിധ ആശംസകളും നേരുന്നു.**

ദേവി എം. എം

SITC



# ജി എച്ച് എസ് എസ് മേഴത്തൂർ



പന്തിരുകുല പുണ്യആത്മാക്കളിൽ പ്രഥമ സ്ഥാനീയൻ മേഴത്തോൾ അഗ്നിഹോത്രിയുടെ ജന്മം കൊണ്ട് പരിപാവനമായ പുണ്യ ഭൂമിയാണ് മേഴത്തൂർ. ആബാലവൃദ്ധം ഇന്ത്യൻ ജനത സ്വാതന്ത്ര്യസമര പഥങ്ങളിലൂടെ ആവേശപൂർവം മുന്നേറുന്ന കാലം. വിദ്യാലയം വിട്ടു സഹന സമരങ്ങളുടെ വിശാല ഭൂമിയിലേക്ക് വിദ്യാർത്ഥികൾ പോലും ഇറങ്ങി തിരിച്ചകാലം. അന്ന് മേഴത്തൂർ ഗ്രാമത്തിലെ കുട്ടികൾക്ക് പഠിക്കാനും ബഹിഷ്ക്കരിക്കാനും ഒരു വിദ്യാലയം പോലും ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യ സമരത്തിന്റെ അലകൾ ജനങ്ങളിൽ സ്വാതന്ത്ര്യാഭിവാഞ്ജയ്ക്കു പുറമെ അനാചാരം, ജാതീയത അന്ധവിശ്വാസം എന്നിവയെ എതിർക്കാനും അറിവിന്റെ വെളിച്ചത്തെ വരവേൽക്കാനുമുള്ള ആഗ്രഹം ഉണ്ടാക്കി. അന്നേവരെ വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിന്റെ കുത്തകയായിരുന്നു .

ഇത്തരമൊരു

ചുറ്റുപാടിലാണ്
വിജ്ഞാനത്തിന്റെ
നക്ഷത്രതെളിച്ചം
സാധാരണക്കാർക്കും
അനുഭവഭേദ്യമാകുംവിധം
മേഴത്തൂർ എന്ന
നാട്ടിൻപ്പുറത്തു ഒരു
വിദ്യാലയം ആരംഭിച്ചത് .
1924 ലിലാണ് മേഴത്തൂരിൽ
സ്കൂൾ എന്ന സ്വപ്നം
പൂവണിഞ്ഞത് .

ഹിന്ദു ബോർഡ്
എലിമെന്ററി സ്കൂൾ
എന്നായിരുന്നു അന്നത്തെ
പേര്. അഞ്ചാം ക്ളാസ്
വരെയുള്ള ഒരു എൽ.പി.
സ്കൂൾ ആയിട്ടാണ്
പ്രവർത്തനം ആരംഭിച്ചത്
ഈ വിദ്യാലത്തിലെ
ആദ്യത്തെ ഹെഡ്മാസ്റ്റർ



ശ്രീ വേലു മാസ്റ്റർ
ആയിരുന്നു. പിന്നീട്
മേഴത്തൂരിലെ തന്നെ
പ്രധാനിയായ ശ്രീ
അച്യുതൻ മാസ്റ്റർ മുൻകൈ
എടുത്തു L ഷെയ്പ്പിലുള്ള

റവന്യൂ ജില്ല

പാലക്കാട്

വിദ്യാഭ്യാസ ജില്ല

ഒറ്റപ്പാലം

ഉപ ജില്ല

തൃത്താല

പ്രധാന അദ്ധ്യാപകൻ

സഫിയ

പി ടി എ പ്രസിഡൻ്റ

ഉമാശങ്കർ

എം പി ടി എ പ്രസിഡൻ്റ

കെട്ടിടം പണിതു. രാവിലെ 10 മണിമുതൽ 4 മണിവരെ സ്കൂൾ പ്രവർത്തിച്ചിരുന്നു. അച്യുതൻ മാസ്റ്റർക്കു പുറമെ ഗോവിന്ദൻ നായർമാസ്റ്ററും, കുഞ്ഞിലക്ഷ്മിയമ്മ ടീച്ചറും ഉണ്ടായിരുന്നു. ഇന്ന് നടത്താറുള്ളതുപോലെ അധ്യാപക രക്ഷാകർതൃ സംഗമങ്ങളൊന്നും അന്ന് ഉണ്ടായിരുന്നില്ല.



1950 കളോടെ സ്കൂൾ അപ്പർ പ്രൈമറി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. അക്കാലത്തെ അധ്യാപകനായിരുന്ന അച്യുതൻ നായർ, രാഘവവാര്യർ, കേശവൻനായർ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ രാത്രികാലങ്ങളിലും സ്കൂൾ പ്രവർത്തിച്ചിരുന്നു. 1981 ൽ നവംബർ മാസത്തോടെ സ്കൂൾ ഹൈസ്കൂൾ ആയി മാറിയതിന്റെ വിജ്ഞാപനം ഉണ്ടായി. അന്ന് നാട്ടുകാരുടെ സഹായത്തോടെയാണ് ഹൈസ്കൂളിനാവശ്യമായ സാമഗ്രികൾ ശേഖരിച്ചത്. പത്താം ക്ളാസ് പാസ്സായ കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനു അടുത്ത പട്ടണങ്ങളായ പട്ടാമ്പി, കുന്ദംകുളം, തൃശ്ശൂർ എന്നിവിടങ്ങളിലേക്ക് പോകണമായിരുന്നു. അപ്പോഴും അതിനു കഴിവുള്ളവർ മാത്രമേതുടർവിദ്യാഭ്യാ




സംനടത്തിയിരുന്നുള്ളൂ. അങ്ങനെയിരിക്കുന്ന സമയത്താണ് പ്രീഡിഗ്രി വിദ്യാഭ്യാസം

കോളേജിൽ നിന്ന് മാറ്റി സ്കൂളിലേക്ക് എത്തിയത്. അതിനും മേഴത്തൂരിന് ഭാഗ്യം ലഭിച്ചു .2000 ൽ സ്കൂൾ ഹയർസെക്കണ്ടറി ആയി ഉയർത്തി.




## സയൻസ് ഫെസ്റ്റ് സംഘടിപ്പിച്ചു







# കവിതകൾ

## വേനൽ

ചുട്ടുപഴുത്ത ഭൂമി
വാടിക്കരിഞ്ഞ മരങ്ങൾ
കുതിർന്ന ചൂട്’
അടഞ്ഞുപോയ വാതിൽപ്പടികൾ

വേനൽ മഴയുടെ പ്രതീക്ഷ
ഒരു തുള്ളി വെള്ളത്തിനായി
അടക്കിവെച്ച ആശ

ആകാശം കറുത്തു
മിന്നലുകൾ വിടർന്നു
വേനൽ മഴ പെയ്തു

ചുട്ടുപഴുത്ത ഭൂമി
നനഞ്ഞു
വാടിക്കരിഞ്ഞ മരങ്ങൾ
പുതുജീവൻ നേടി

കുതിർന്ന ചൂട്’
നീങ്ങി
അടഞ്ഞു പോയ
വാതിൽപ്പടികൾ തുറന്നു

വേനൽ മഴയുടെ വരവിൽ
എല്ലാം പുതുതായി

-അഷീഖ ഫാത്തിമ ടി.എം,
8-C

# പുതുമഴ

മേഘമുരുണ്ടു മാനം കറുത്തു
മഴയുടെയാരവം കേൾക്കുന്നു

മരങ്ങളാടി
മനമാകെ
തോട്ടുകൾ
നിറയുന്നു
തുരു തുരെ
പുഴകൾ
മീനുകൾ



യുലയുന്നു
കുളിരണിയുന്നു
അരുവികൾ

വെള്ളമൊഴുകന്നു
നിറഞ്ഞു കവിയുന്നു
തുള്ളിച്ചാടുന്നു

മഴ മഴ പുതുമഴ പെയ്യുന്നു
മഴ മഴ പുതുമഴ  പെയ്യുന്നു

ഗായത്രി എ.സ്
8C

# പുഴ നശിക്കുന്നു

പുഴ നശിക്കുന്നു
ജീവൻ നശിക്കുന്നു
ഭൂമി നശിക്കുന്നു

മലിനജലം പുഴയിൽ ഒഴുകുന്നു
മാലിന്യങ്ങൾ പുഴയെ മൂടുന്നു
മണലൂറ്റിയൂറ്റി എടുക്കുന്നു
പുഴ നശിക്കുന്നു,ജീവൻ നശിക്കുന്നു

പുഴ നശിച്ചാൽ നാട് നശിക്കും
ജീവൻ നശിക്കും
പ്രകൃതി നശിക്കും



പുഴ മലിനീകരണം നിയന്ത്രിക്കാം
പുഴയുടെ തീരങ്ങളെ
സംരക്ഷിക്കാം

നമ്മുടെ നാടിനെ രക്ഷിക്കാം

പുഴ നമ്മുടെ ജീവനാഡി
പുഴ നമ്മുടെ പ്രാണവായു

നമുക്ക് വേണ്ടി
നമ്മുടെ നാടിന് വേണ്ടി
നമ്മുടെ ജീവന് വേണ്ടി
കാവലാളാകാം നമുക്ക്
പുഴക്ക് കാവലാളാകാം

samaja p sujith
8C



# ജലം

ഒന്നിനും കൊള്ളില്ല
എന്ന തോന്നലുണ്ടാകുമ്പോൾ
എന്നെ പറ്റി ഒന്നു ചിന്തിക്കുക
നിറമില്ല...

മണമില്ല...
രൂപമില്ല...
രുചിയില്ല..
എങ്കിലും



ഞാനില്ലെങ്കിൽ
ഇവിടെ യാതൊന്നുമില്ല
നമ്മൾ പോലുമില്ല
ഒരു ജീവൻ പോലും നിലനിൽക്കില്ല

-GAYATHRI S
8C



## വീടുകൾ പിച്ചവയ്ക്കുന്ന കാലം

നോവലിസ്റ്റ്, കഥാകൃത്ത്, ശാസ്ത്രസാഹിത്യരചയിതാവ് എന്നീ നിലകളിൽ അറിയപ്പെടുന്ന കേരളീയനാണ് പി. കെ. സുധി. പി. കെ. സുധി എന്ന തൂലികാ നാമം സ്വീകരിച്ച ഇദ്ദേഹത്തിന്റെ യഥാർത്ഥ പേര് പി. കെ. സുധീന്ദ്രൻ നായർ എന്നാണ്. ഇവിടെ ഞാൻ ശ്രീ. പി. കെ. സുധിയുടെ ചങ്ങാതി വീടുകൾ എന്ന പുസ്തകം പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു. മൂന്നു വീടുകളുടെ സൗഹൃദത്തിന്റെ ലോകമാണ് കഥാകൃത്ത് ഇവിടെ വായനകാർക്കായി തുറന്നുവെച്ചിരിക്കുന്നത്.

ജീവനുള്ളവയ്ക്കുമാത്രമാണോ നടക്കാനും സംസാരിക്കാനുമൊക്കെ കഴിവുള്ളത്. അമ്പല പറമ്പിനുചുറ്റും പരസ്പരം കാണാനാവാത്ത അകലത്തിൽ ആയിരുന്നു ആ മൂന്നു വീടുകൾ ഉണ്ടായിരുന്നത്. ഹാജിയാർ വീട്, മാഷ് വീട്, കുഞ്ഞിരാമൻ വീട്. രാത്രിയിലാണ് ഇവയുടെ സഞ്ചാരം. രാത്രിയാകുമ്പോൾ മൂന്നു പേരും അമ്പല പറമ്പിൽ ഒത്തുകൂടും. പിന്നവിടെ ഭക്ഷണം പങ്കുവെയ്ക്കലായി, സൗഹൃദ സംഭാഷണങ്ങളായി, കളിയാക്കലുകളായി. കൂട്ടത്തിൽ നമ്മുടെ മാഷ് വീട് അല്പം വിദ്യാസമ്പന്നനായിരുന്നു. അവൻ ലോകകാര്യങ്ങളെ കുറിച്ച് കൂട്ടുകാർക്ക് പറഞ്ഞു കൊടുക്കും. കുഞ്ഞിരാമൻ വീടോ ഒരു പാവം കർഷകന്റെ വീടായിരുന്നു. അത്യധ്വാനം മൂലം രാത്രി നേരത്തെ കിടന്നുറങ്ങുകയും പശുവിനെ കറക്കാനായി രാവിലെ നേരത്തെ എഴുന്നേൽക്കുകയും ചെയ്യുന്ന കർഷകൻ കുഞ്ഞിരാമന്റെ വീട്. അവനായിരുന്നു ആദ്യം അമ്പലപറമ്പിൽ എത്തുകയും തിരിച്ചുപോവുകയും ചെയ്തിരുന്നത്. ഹാജിയാർ

വീടോ ഇന്ന് ഓല
മേഞ്ഞവീടാണെങ്കിലും
നാളെ ഹാജിയാരുടെ
മക്കൾ ഗൾഫിൽ
പോകുമ്പോൾ തനിക്കും
ഒരു നല്ല കാലം വരുമെന്ന്
അത് ഉറച്ച വിശ്വസിക്കുന്നു.

ഒരു ദിവസം മാഷുടെ മകൻ ഗോപാലകൃഷ്ണൻ രാത്രി മൂത്രമൊഴിക്കാനായി ഉണർന്നപ്പോൾ തക്കെ അതിരിലുള്ള ചെമ്പകമരം പുറകിലേക്ക് നടക്കുന്നതായി കണ്ടെത്തി. മരങ്ങൾ നടക്കുകയോ? പേടിച്ച വിറച്ച അവൻ ജനലുകൾ കൊട്ടിയടച്ച് കട്ടിലിൽ കയറിക്കിടന്നു. മറ്റൊരു ദിവസം വീടുകൾ അമ്പലപറമ്പിൽ സംസാരിച്ചു കൊണ്ട് നിൽക്കുമ്പോൾ ഉറക്കത്തിൽ എഴുന്നേറ്റ് നടക്കുന്ന ശീലമുള്ള ഹാജിയാരുടെ ഉമ്മ വീട്ടിൽ നിന്നിറങ്ങി ആൽത്തറയിൽ കയറികിടപ്പായി. ഹാജിയാർ വീടിനകത്ത് ഉമ്മയില്ലാതെ തിരിച്ചു പോരേണ്ടി വന്നു. വീടുകളുടെ നടത്തത്തെ കുറിച്ച് ഗോപാലകൃഷ്ണനും ഹാജിയാരുടെ ഉമ്മയും ആവർത്തിച്ച് പറഞ്ഞെങ്കിലും അവർ പറഞ്ഞത് ചില നായ്ക്കളും കന്നുകാലികളുംമല്ലാതെ മറ്റാരും വിശ്വസിച്ചില്ല. എന്നാലും ഹാജിയാർ വീടിന്റെ അരയിൽ ഒരു രക്ഷാ തകിട് തന്നെ പ്രത്യക്ഷപ്പെട്ടു.

കാലം കുറെ കടന്നുപോയി. ഗൾഫിൽ പോയി വന്ന ഹാജിയാരുടെ മക്കൾ ഹാജിയാർ വീടിനെ പുതുക്കി പണിതു. തന്റെ ഭാരിച്ച ശരീരവുമായി ഹാജിയാർ വീടിന് അമ്പലപറമ്പിൽ വരാൻ

സാധിക്കാതെയായി. മാഷ് വീടോ? മാഷും ഭാര്യക്കും വയസ്സായപ്പോൾ മക്കൾ അവരെ അമേരിക്കയിലേക്ക് കൊണ്ടുപോയി. ആരും നോക്കാനില്ലാതെ മാഷ് വീട് തകർന്നു വീണു. കുഞ്ഞിരാമൻ വീടിന് കുഞ്ഞിരാമന്റെ കാലശേഷവും ഒരു മാറ്റവും ഉണ്ടായില്ല. കുഞ്ഞിരാമന്റെ മക്കൾ അവനെ പൊന്നു പോലെ നോക്കി. കുഞ്ഞിരാമന്റെ ഇളയ മകൻ ഒരു പുതിയ വീട് പണിതപ്പോൾ അവന് അനന്തരാവകാശിയുമായി. എന്നാലും ചങ്ങായിമാരെ നഷ്ടപ്പെട്ട അവൻ പിന്നീട് അടിത്തറയിൽ നിന്ന് ഇളകിയില്ല. ഒരു ദിവസം അതാ അതിന്റെ അനിയൻ വീട് പിച്ചവെച്ച് തുടങ്ങുന്നു. അമ്പലപറമ്പിലേക്ക് തന്നെ.

ആരായിരിക്കാം അതിന്റെ ചങ്ങായിമാർ? മൂന്നു വീടുകളുടെ ചങ്ങാത്തം ഇവിടെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. നമ്മൾ മനുഷ്യരെപ്പോലെ ചിരിക്കാനും ചിന്തിക്കാനുമൊക്കെ അചേതനവസ്തുക്കൾക്കും കഴിയുമെന്ന ഭാവന അവർണ്ണനീയം തന്നെ.

ആര്യ എൻ. വി
8C



# അമ്മ

അതൊരു പുഴയാണ്
ചിലപ്പോൾ ശാന്തമായിരിക്കും
പെട്ടന്നായിരിക്കും ഒഴുക്കുകൂടി വലിയ
ശബ്ദങ്ങളാവണത്
ഇടക്ക് അതിന്റെ ശബ്ദവും ഒഴുക്കും
മനസ്സിനെ ശാന്തമാക്കും
എന്നാൽ ആവശ്യം
കഴിയുമ്പോൾ



അതൊരു ചവറ്റുകൂനയാണ്
അല്ലെങ്കിൽ ആർക്കും വേണ്ടാത്ത
അഴുക്കുചാൽ
ഇനി പറയൂ അമ്മയും പുഴയും
ഒന്നാണോ രണ്ടാണോ ?

# എന്റെ അധ്യാപകൻ

ജീവിത വിജയത്തിന്റെ പാഠങ്ങൾ

ചൊല്ലിത്തന്ന നേർവഴിക്ക്

അറിവിന്റെ ആദ്യാക്ഷരം

ഞങ്ങൾക്കു പകർന്നു തന്നു.

അമ്മയെ പോലെ സ്നേഹിച്ചു

അച്ഛനെ പോലെ ശാസിച്ചു

ജീവിതം എന്തെന്ന് പഠിപ്പിച്ചും

ഞങ്ങളെ അനുഗ്രഹിച്ചപ്പോൾ

ഗൃഹമാം വിദ്യാലയത്തിൽ നിന്നും

ഞാൻ കണ്ണീരോടെ പടിയിറങ്ങുമ്പോൾ

ജീവിത പാതകളിലെന്നും ഞാൻ
എൻ അധ്യാപകനെ മറക്കുകയില്ല.

- അഭിനവ് കൃഷ്ണ. യു IV-A

# പ്രളയം

വാർത്തകളിൽ
പ്രളയം
കണ്ണീരിന്റെ
പ്രളയം
മഴ ദൈവങ്ങൾ
കനിഞ്ഞ
പ്രളയം
എങ്കിലും ദുഖം !
ഓർമ്മകൾ മറഞ്ഞു
പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി
പ്രളയത്തിൽ
ഒടുവിൽ വന്ന
പത്രവാർത്തയിൽ
ഒരു കടലിരമ്പൽ !
പ്രളയം... !
ഹൃദയത്തിലും
വാർത്തയിലും... !



Sandra O
8C

# നക്ഷത്രം

മാനത്തു നിന്നെന്നും
നോക്കി ചിരിക്കുന്ന
ഒറ്റ നക്ഷത്രം
മഴയത്തു മണ്ണിൽ
വിത്തായ് മുളച്ചൊരു
മരമായ് വാനം മീതെ
വളർന്നതിൽ നിറയെ
നക്ഷത്രപ്പൂക്കൾ
പൂത്തു വിടർന്നതും
സ്വപ്നം കണ്ടുറങ്ങിപ്പോയി

Gayathri S

8C

# കാട്

കാണാതിരുന്നാൽ
ചിന്തകൾ
ഭ്രാന്തമായ്
അലയുന്നതിവിടെ
കണ്ടു കണ്ടിരുന്നാൽ
കിനാവുകൾ
പൂത്തുമ്പികളായ്
പാറിപ്പറക്കുന്നതിവിടെ

-ASHEEKHA



8-C

# ഒരു ദിനം

ചെറു പുഞ്ചിരിയിൽ
ഉണരും പ്രഭാതമേ
ഇളം വെയിലായി
കുളിരും പ്രകാശമേ
പുതുതണലായി
പുൽകും സന്ധ്യയെ
ചെറു നിലാവായി
പകരും നിദ്രയും
പുഞ്ചിരിയായും
ഇളം വെയിലായും
പുതു തണലായും
ചെറു നിലാവായും
എന്നിൽ പകരുന്ന
നീ എന്ന ദിനം

Sandra NP
8C



# ബലൂൺ വിൽക്കുന്ന കുട്ടി

-

അനുവും മനുവും കൂട്ടുകാരായിരുന്നു. അവർ ഒരുമിച്ചാണ് സ്കൂളിൽ പോകുന്നതും വരുന്നതുമെല്ലാം. പോകുന്ന വഴിക്ക് അവർ ബലൂൺ വിൽക്കുന്ന ഒരു കുട്ടിയെ കാണാറുണ്ട്. അവരെക്കാൾ ചെറുതായിരുന്നു ആ കുട്ടി. " അഞ്ചെണ്ണം പത്തുരൂപ



അഞ്ചെണ്ണം പത്തു രൂപ" എന്ന് പറഞ്ഞ് അവൻ എല്ലാവരുടേയും പുറകേ നടക്കും. ഒരു ദിവസം അനു അവന്റെ കൈയ്യിൽ നിന്നും അഞ്ച് ബലൂൺ വാങ്ങി. അടുത്ത ദിവസം അവന്റെ പിറന്നാളായിരുന്നു. പിറന്നാൾ ദിവസം അനു ഭയങ്കര ദേഷ്യത്തിലാണ് വന്നത്. കാര്യമന്വേഷിച്ച മനുവിനോടവൻ പറഞ്ഞു " ഉം, അവനെ ഞാനിന്നു ശരിയാക്കുന്നുണ്ട്. ഇന്നലെ അവൻ തന്ന ബലൂണിൽ നാലെണ്ണവും ഓട്ടയായിരുന്നു. പൊട്ടബലൂണും തന്ന് അവനെന്നെ പറ്റിച്ചു. " ദൂരെ നിന്നും അവനെ കണ്ടതേ അനു ഓടിച്ചെന്നു. " എടാ, എടുക്കെടാ

എന്റെ പത്തുരൂപ. നിന്റെ ബലൂണെല്ലാം ചീത്തയാ. ഓട്ടബലൂൺ തന്ന് എന്നെ പറ്റിക്കാമെന്നു കരുതിയോ?" പേടിച്ച അവൻ പറഞ്ഞു " ചേട്ടാ എന്റെ കയ്യിൽ പൈസയില്ല. ഇന്ന് ആരും ബലൂൺ വാങ്ങിയില്ല" ഇതു കേട്ട അനുവിന് ദേഷ്യം കൂടി. " ആഹാ എന്നാൽ വൈകുന്നേരം വരുമ്പൊ മര്യാദക്ക് എന്റെ പൈസ തരണം" പിന്നെയും എന്തൊക്കെയോ പറഞ്ഞ് അനു അവനെ ചീത്ത പറഞ്ഞു കൊണ്ടിരുന്നു. എന്നാൽ അവനതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. അവന്റെ കണ്ണ് അനു മനുവിനെ ഏൽപിച്ച ചോക്ലേറ്റ് പാക്കറ്റിലായിരുന്നു. എല്ലാവർക്കും കൊടുത്ത കൂട്ടത്തിൽ അനു മനുവിനും കൊടുത്തു രണ്ടു മിഠായി. അപ്പോൾ മനുവിന്റെ മനസിൽ ബലൂൺ വിൽക്കുന്ന കുട്ടിയുടെ മുഖമായിരുന്നു. വൈകുന്നേരം അവരെ കണ്ടപ്പോൾ അവനാകെ പേടിച്ചു. പത്തു രൂപക്ക് വേണ്ടി അനു വീണ്ടും അവനെ ചീത്ത വിളിച്ചു. കണ്ണീർ നിറഞ്ഞ അവന്റെ കൈ പിടിച്ച് മനു അവന് കിട്ടിയ മിഠായികൾ വച്ചു കൊടുത്തു. മിഴിച്ചു നിൽക്കുന്ന അവന്റെ മുഖത്തേക്ക് നോക്കിയപ്പോൾ, ക്ലാസിൽ മദർ തെരേസയുടെ പാഠം പഠിപ്പിക്കുമ്പോൾ ടീച്ചർ പറഞ്ഞ വാക്കുകളായിരുന്നു മനുവിന്റെ കാതിൽ.

വിഷ്ണുചരൺ 4 A
GHSS Mezhathur



# ആകാശത്തിനുകീഴെയും _ഒറ്റനക്ഷത്രങ്ങൾ

ജനാലക്കടുത്ത കട്ടിലിൽ കിടന്ന ആ വൃദ്ധയായ സ്ത്രീ തന്റെ മുറിയൊന്ന് കണ്ണോടിച്ചു ചുവരിൽ തൂക്കിയിട്ടിരുന്ന പടങ്ങളൊക്കെയും കാണാതായിരിക്കുന്നു . താൻ അടുക്കിവച്ച പുസ്തകങ്ങളൊക്കെ സ്ഥലം മാറി. പുതപ്പിനും ജനാലവിരിപ്പിനുമെല്ലാം മരുന്നിന്റെ മണം. പ്രായമൊരുപാടൊന്നുമായിട്ടില്ലെങ്കിലും എന്തു കൊണ്ടാണ് തന്റെ മനസ്സും ശരീരവും



ഇത്രപെട്ടന്നൊരുപോലെ അവശയായിത്തീർന്നതെന്ന് അവരോർത്തു. നേരത്തിനു മരുന്നെടുത്തു തരാനും വീട്ടുജോലിക്കും ബേബി ഏർപ്പാടാക്കിയതാണ് കമലം എന്ന പെൺകുട്ടിയെ. നാടെവിടെയെന്നോ വീട്ടുകാരുണ്ടെന്നോ ചോദിച്ച് ഇതു വരെ അവളെ ബുദ്ധിമുട്ടിച്ചില്ല. ഒരിക്കൽ ഇളയമകളുടെ ഒരു കുട്ടിയെ ഇവിടെ നിർത്തി തരണമെന്ന് ആ വൃദ്ധ ആവശ്യപ്പെട്ടിരുന്നു,സമ്മതിച്ചില്ല." അതിങ്ങളുടെ കലപില കേൾക്കാൻ എനിക്ക് എന്തൊരിഷ്ടമാണെന്നോ ഉറക്കെ ചിരിച്ചു കൊണ്ട് കമലത്തിനോടായി പറഞ്ഞു. എന്തു ഭാവമാറ്റമാണവളുടെ

മുഖത്തെന്ന് മനസ്സിലായില്ല. അവർ ഇടക്കിടെ കണ്ണുതുടക്കുന്നുണ്ടായിരുന്നു. കമലം എന്തിനെന്നും ചോദിച്ചില്ല. പറഞ്ഞില്ല. ക്ലോക്കിലെ നിൽക്കാതെ സഞ്ചരിക്കുന്ന സൂചികൾ ആ വീട്ടിനുള്ളിലെ നിശബ്ദതയിൽ ശബ്ദമുണ്ടാക്കി നീങ്ങുകയാണ്. അവ തമ്മിലുള്ള മത്സരം കണ്ടു മടുത്തപ്പോൾ കമലം മുറ്റത്തേക്കിറങ്ങി. ആകാശത്ത് "ഒരൊറ്റനക്ഷത്രം " തിളക്കമുറ്റ ഒരൊറ്റനക്ഷത്രം ജനാലക്കപ്പുറം. കട്ടിലിൽ അതുപോലൊരു ഒറ്റ നക്ഷത്രമെന്നവൾക്കുതോന്നി താനും ഒരൊറ്റനക്ഷത്രമല്ലേ? അതൊരു നീറ്റലുണ്ടാക്കുന്ന തമാശയായി തോന്നിച്ചു. ദൂരെ നിന്ന് ഒരോടക്കുഴൽ നാദം കേട്ടപോലെ അവൾ കാതോർത്തു. ഏതോ ഒരു പകവിൽ നിറയെ ഓടക്കുഴലുകളുമായി വന്ന മെലിഞ്ഞു കവിൾത്തടം ഒട്ടിയ ഒരാൾ പെട്ടെന്ന് ഒറ്റക്കായിപ്പോയ കഥ പറയാൻ അയാൾക്ക് ഒരുപാട് സമയം വേണ്ടി വന്നിരുന്നു അന്നേരം കട്ടിലിൽ കിടന്ന് സ്വയം സംസാരിച്ചു കൊണ്ടിരിക്കേ പെട്ടെന്ന് ആ വൃദ്ധ പുറത്തേക്കു വിളിച്ചു പറഞ്ഞു.

“നാളെ നീയാ മുകളീത്തെ മുറിയൊന്ന് തുടച്ചിട് ഞായറാഴ്ച്ച ജോജി വരുവായിരിക്കും."

മിക്ക വെള്ളിയാഴ്ച്ചകളിലും കമലം കേൾക്കുവാറുള്ള ഉത്തരവാണിത് എന്നാൽ ബേബിയെ ഒഴിച്ച് മറ്റാരെയും കമലം ഇതുവരെ കണ്ടിട്ടില്ല. അവർ തിരിച്ചൊന്നും പറഞ്ഞില്ല. ഇവിടുത്തെ അമ്മക്ക് അങ്ങനെ ഓരോ തോന്നലുകളാണ് കമലം ആ ഒറ്റ നക്ഷത്രത്തെ ഉറ്റുനോക്കി. അന്ന്

കടലപൊതികളുമായി വന്ന ആ സ്ത്രീ യുടെ വിളറിയ മുഖവും അവളുടെ മനസിൽ തെളിഞ്ഞു. കെട്ടുപോയ തിളക്കം അവരിലും കാണാമായിരുന്നു. വേനലിന്റെ തീവ്രത അവരുടെ മുഖം വിളിച്ചു പറയുന്നുണ്ടായിരുന്നു ഇനി അവരുടെ ജീവിതം തന്നെ വേനൽ കടമെടുത്തതായിരിക്കുമോ? അവൾ ആ ഒറ്റ നക്ഷത്രത്തെ ഉറ്റു നോക്കിക്കൊണ്ടയിരുന്നു. അതേ അപ്പോൾ ഭൂമിയിൽ അവിടവിടെയായി ഒരുപാടൊരുപാട് ഒറ്റ നക്ഷത്രങ്ങൾ. ആകാശത്തു നിന്നും കണ്ണെടുത്തുകൊണ്ട് അവൾ ആ വൃദ്ധയുടെ അടുക്കലേക്ക് നടന്നു ജനാലക്ക് അപ്പുറം കട്ടിലിൽ കിടന്ന് അവൾ അപ്പോഴും കണ്ണുരുടക്കുകയായിരുന്നു.

samaja p sujith

8C



# സ്റ്റീഫൻ ഹോക്കിങ്ങ്
# (1942 – 2018)



# സ്റ്റീഫൻ ഹോക്കിങ്ങ്
# (1942 – 2018)

## ആമുഖം

ആൽബർട്ട് ഐൻസ്റ്റീന് ശേഷം ലോകം കണ്ട ഏറ്റവും മഹാനായ ശാസ്ത്ര പ്രതിഭ, തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ തന്നിലെ പ്രതിഭക്ക് ഒട്ടും തന്നെ മങ്ങലേൽപ്പിക്കാൻ വിട്ടുകൊടുക്കാതിരുന്ന തീഷ്ണമായ ഇച്ഛാശക്തിയുള്ള അതുല്യ പ്രതിഭയാണ് സ്റ്റീഫൻ ഹോക്കിങ്. എന്നെ വളരെയധികം സ്വാധീനിച്ച ശാസ്ത്ര പ്രതിഭയാണ്. പരിമിധികൾ നേട്ടങ്ങൾക്ക് തടസ്സമല്ല എന്ന് മനുഷ്യകുലത്തിനാകെ പഠിപ്പിച്ച് കൊടുത്ത ഇദ്ദേഹം ശാസ്ത്രലോകത്തിന് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

## ആദ്യകാല ജീവിതവും വിദ്യാഭ്യാസവും

ഫ്രാങ്ക് ഹോക്കിങ്ങിന്റെയും ഇസബെൽ ഹോക്കിങ്ങിന്റെയും മകനായി 1942 ജനുവരി 8 ഇംഗ്ലണ്ടിലെ ഓക്സ്ഫോഡിലായിരുന്നു ഹോക്കിങ്ങിന്റെ ജനനം. ഹോക്കിങ്ങിന് ഫിലിപ്പോ, മേരി എന്നീ രണ്ട് ഇളയ സഹോദരിമാരും എഡ്വേർഡ് എന്ന ദത്ത് സഹോദരനും ഉണ്ടായിരുന്നു.

ലണ്ടനിലെ ഹൈഗേറ്റിലെ ബൈറോൺ ഹൗസ് സ്കൂളിലായിരുന്നു ഹോക്കിങ്ങിന്റെ സ്കൂൾ പഠനം.

പിന്നീട് റഡ്‌ലെറ്റ് ഗ്രാമത്തിലെ ഒരു ഗ്രാമത്തിലെ ഒരു സ്വതന്ത്ര വിദ്യാലയമായ റഡ്‌ലെറ്റ് സ്കൂളിൽ ഹോക്കിംങ് ചേർന്നു. മകനെ ഡോക്ടറാക്കണം എന്ന മാതാപിതാക്കളുടെ ആഗ്രഹത്തിന് വിരുദ്ധമായി ഹോക്കിംങിന് ഗണിതത്തിലും ഭൗതീകശാസ്ത്രത്തിലുമായിരുന്നു താല്പര്യം.

17-ാം വയസ്സിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഭൗതീകശാസ്ത്രത്തിൽ ബിരുദം നേടി. 21-ാം വയസ്സിൽ കേംബ്രിഡ്ജിൽ ഗവേഷണ ബിരുദത്തിനു പഠിച്ചു കൊണ്ടിരിക്കുന്നതിനിടെയാണ് കൈകാലുകൾ തളർന്നു പോകാൻ കാരണമായ "അമയോട്രോപിക് ലാറ്ററൽ സ്ക്ലിറോസിസ് " എന്ന നാഡീരോഗം അദ്ദേഹത്തെ ബാധിച്ചത്. കൈകാലുകൾ ചലിപ്പിക്കാനാവാത്ത അവസ്ഥയിലും സഹപ്രവർത്തകരുടെ പിന്തുണ അദ്ദേഹത്തിന് ആത്മവിശ്വാസം പകർന്നു. ഗവേഷണ ബിരുദം നേടിയ ശേഷം 1965 ൽ "ജെയ്ൻ വൈൽഡി"നെ വിവാഹം കഴിച്ചു. എന്നാൽ 1991- ൽ അവർ വിവാഹമോചനം നേടി. വിവാഹമോചനം നേടി എന്നാലും ജെയിനാണ് കൂടുതൽ ജീവിക്കാൻ തനിക്ക് പ്രചോദന മായതെന്നു സ്റ്റീഫൻ ഹോക്കിങ് പറഞ്ഞിട്ടുണ്ട്. ലൂസി തിമോത്തി, റോബർട്ട് എന്നീ മൂന്നു മക്കൾ ആയിരുന്നു ഇവർക്ക് ഉണ്ടായിരുന്നത്. എലെയ്ൻ മേസൺ എന്ന നഴ്സിനെ അദ്ദേഹം രണ്ടാം വിവാഹം കഴിച്ചു. ജീവിതത്തിൽ ഒരു തുണ അദ്ദേഹത്തിന് അനിവാര്യം

തന്നെയായിരുന്നു.

തലച്ചോറിനെ അനുസരിക്കാൻ അദ്ദേഹത്തിന്റെ ശരീരത്തിന് കഴിഞ്ഞില്ല. പക്ഷേ സ്റ്റീഫൻ ഹോക്കിങ്ങിന് ലോകം മുഴുവൻ ചെവികൊടുത്തു. മോട്ടോർ ന്യൂറോൺ രോഗം ശരീരമാകെ തളർത്തി ഹോക്കിങ്ങിനെ യന്ത്രക്കസേരയിലിരുത്തി. സീറ്റ് ബെൽറ്റിൽ നിന്നും പിടിവിട്ട മനസ്സ് പക്ഷേ താരാപഥങ്ങളിൽ വ്യാപിച്ചു കൊണ്ടിരുന്നു. ചലനം അവശേഷിച്ച ഹോക്കിങ്ങിന്റെ കവിൾത്തടത്തിൽ നിന്ന് യന്ത്രങ്ങൾ പ്രപഞ്ചരഹസ്യങ്ങൾ വായിച്ചറിഞ്ഞു. ഗവേഷകരും തയ്യാറായില്ല ക്വാണ്ടം തിയറിയുടെ അടിസ്ഥാനത്തെ തന്നെ ഹോക്കിങ്ങിന്റെ വാദം വെല്ലുവിളിക്കുന്നുവെന്ന് പലരും വാദിച്ചു.

ഭൂമിയെക്കുറിച്ചുള്ള വ്യത്യസ്തമായ തന്റെ കാഴ്ച്ചപ്പാടുകൾ പങ്കുവെച്ചും ഹോക്കിങ് മറ്റ് ശാസ്ത്രജ്ഞൻമാരുടെ ഉറക്കം കെടുത്തി. അടുത്ത 600 വർഷങ്ങൾക്കുള്ളിലെങ്കിലും ഭൂമിയിൽ മനുഷ്യവാസം അസാധ്യമാകുമെന്ന് അദ്ദേഹം പ്രവചിച്ചു. ഇവിടെ അതിജീവിക്കുകയെന്നത് അസാധ്യമാണെന്ന് ബഹികാശത്ത് പുതിയ താവളങ്ങൾ മനുഷ്യർ കണ്ടെത്തുമെന്നും ആഹ്വാനം ചെയ്തുകൊണ്ട് ഹോക്കിങ് ലോകത്തോട് വിട പറഞ്ഞത്. ഇന്നത്തെ ഭൂമിയിലെ അവസ്ഥകൾ അദ്ദേഹത്തിന്റെ കണ്ടെത്തകൾ ശരിവക്കുന്നത് തന്നെയല്ലേ?

## നിഗമനം

അഞ്ചാം ക്ലാസ്സിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഹോക്കിങ്ങിനെ കുറിച്ചുള്ള ചെറിയൊരു വിവരമാണ് എന്നെ അദ്ദേഹത്തിലേക്ക് അടുപ്പിച്ചത്. സ്റ്റീഫൻ ഹോക്കിങ് എന്ന ശാസ്ത്രപ്രതിഭ എന്നും ഒരു വിസ്മയമായി തുടരുന്നു. അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ എന്റെ ബുദ്ധിക്ക് മനസ്സിലാവുന്നതിൽ അപ്പുറമാണ്. എന്നിരുന്നാലും എന്നെ ഏറെ വിസ്മയിപ്പിക്കുന്നത് ബഹിരാകാശവും ആകാശ ഗോളങ്ങളും തന്നെയാണ്. സൂര്യൻ നമുക്ക് ഊർജം നൽകുന്ന നക്ഷത്രം ഒരിക്കൽ തമോഗർത്തമാവും എന്ന ഭയം എന്റെ ചിന്തകളെ അസ്വസ്ഥമാക്കുന്നത്. 21-ാം വയസ്സിൽ തന്നെ കീഴടക്കിയ അസുഖം ആയുസ്സ് രണ്ട് വർഷം പോലും തരില്ല എന്ന് വിധിയെഴുതിയ ഡോക്ടർമാർക്ക് മുന്നിൽ ഒരു വിസ്മയമായി 76-ാം വയസ്സുവരെ ജീവിച്ച അദ്ദേഹത്തിന് ഇച്ഛാശക്തി ഒന്ന് മാത്രം കൈമുതലാക്കാൻ നമുക്ക് കഴിഞ്ഞാൽ അത് തന്നെ വലിയൊരു ജീവിത വിജയമാണ്. അതുല്യ പ്രതിഭയ്ക്ക് മുന്നിൽ എന്റെ കൂപ്പ്കൈ...

asheekha fathima
8C





SANDRA O
8c






samaja p
8

Asheekha Fathima
8C



AASHISH GOKARAN RAO
9A



# നന്ദി

